"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തളിപ്പറമ്പ് നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ലേഖ പി, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(ഇകെഎം)1087/2024 നമ്പർ കേസിലെ 23.06.2025 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേസസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2866/2025/LSGD തീയതി,തിരുവനന്തപുരം, 24-11-2025

---

പരാമർശം:-

1. 20.02.2021 തീയതിയിലെ സ.ഉ(സാധാ)511/2021/തസ്വഭവ നമ്പർ ഉത്തരവ്.
2. ശ്രീമതി.ലേഖ പി, സമർപ്പിച്ച 29.05.2023 തീയതിയിലെ നിവേദനം(അനക്ഷർ എ7 )
3. ശ്രീമതി ലേഖ പി, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(ഇകെഎം)1087/2024 നമ്പർ കേസിലെ 23.06.2025 തീയതിയിലെ ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.09.2025 തീയതിയിലെ LSGD/PD/31320/2024-LL2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നീലേശ്വരം നഗരസഭയിൽ ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കവേ ശൂന്യവേതനാവധിയിലായിരുന്ന കാലയളവ് ക്രമീകരിച്ച പരാമർശം 1 ഉത്തരവ് പുനഃപരിശോധിക്കുന്നതിനായി തളിപ്പറമ്പ് നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ലേഖ പി, പരാമർശം 2 (അനക്ഷർ എ7) പ്രകാരം, സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി ലേഖ പി, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(ഇകെഎം)1087/2024 നമ്പർ കേസിലെ 23.06.2025 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷക സമർപ്പിച്ച അനക്ഷർ എ7 പുനഃപരിശോധനാഹർജി പരിശോധിക്കുന്നതിനും, ടിയാളെ നേരിൽ കേട്ട ശേഷം, ഉത്തരവ് ലഭിച്ച തീയതിമുതൽ രണ്ട് മാസത്തിനുള്ളിൽ ആയതിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2. നീലേശ്വരം നഗരസഭയിലെ ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ലേഖ.പി., ടിയാളുടെ മെറ്റേർണിറ്റി ലീവിന് തുടർച്ചയായി 01.04.2017 മുതൽ 23.10.2017 വരെ (206 ദിവസം) മെഡിക്കൽ സർട്ടിഫിക്കറ്റിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിലേയ്ക്കായി സമർപ്പിച്ച അപേക്ഷ സർക്കാർ

പരിശോധിച്ചിരുന്നതും, ടിയാളുടെ 01.04.2017 മുതൽ 23.10.2017 വരെയുള്ള ശൂന്യവേതനാവധിയിൽ, 01.04.2017 മുതൽ 30.05.2017 വരെ (60 ദിവസം) ടി കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം 1 ചട്ടം 102-ന് ചുവടെയുള്ള പ്രൊവിസോയുടെ ആനുകൂല്യത്തോടെയും, രണ്ടാം വൈദ്യപരിശോധനാറിപ്പോർട്ടിന്റെ അഭാവത്തിൽ ലഭ്യമാക്കിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ വിശ്വാസ്യത ഉറപ്പുവരുത്താനാകാത്തതിനാൽ 31.05.2017 മുതൽ 23.10.2017 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ അല്ലാതെയും, കെ.എസ്.ആർ. ഭാഗം 1 ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. ശ്രീമതി ലേഖ.പി., സമർപ്പിച്ച അനക്ഷർ എ7 അപേക്ഷ പ്രകാരം തന്റെ 31.05.2017 മുതൽ 23.10.2017 വരെയുള്ള അവധിയിൽ സർക്കാർ ഉത്തരവ് പ്രകാരം നിഷേധിക്കപ്പെട്ട തന്റെ എല്ലാ സേവന ആനുകൂല്യങ്ങളും പുനഃസ്ഥാപിക്കണമെന്നും മെഡിക്കൽ സർട്ടിഫിക്കറ്റുകൾ പരിഗണിച്ച് പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു.

4. ബഹു. ട്രിബ്യൂണൽ ഉത്തരവിലെ നിർദ്ദേശപ്രകാരം ശ്രീമതി ലേഖ.പി.,-യെ 15.09.2025 തീയതിയിൽ തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേട്ടു. നേരിൽ കേട്ട സമയത്തെ ടിയാളുടെ വാദങ്ങൾ പ്രകാരം, ടിയാരി 14 വർഷത്തിലേറെ തുടർച്ചയായ IVF, IUI എന്നിവയുൾപ്പെടെ വന്ധ്യതാ ചികിത്സയ്ക്ക് വിധേയയാകേണ്ടി വന്നതായും, തുടർന്ന് 2016 ൽ IVF പോസിറ്റീവ് ആയതിനെത്തുടർന്ന് Twins ആയതിനാലും തന്റെ പ്രായം കണക്കിലെടുത്തും ഉയർന്ന അപകടസാധ്യതയുള്ള കേസായി ഡോക്ടർ റഫർ ചെയ്തതനുസരിച്ച് ഹോസ്പിറ്റലിൽ തന്നെ താമസിച്ച് ഗർഭകാലം മുഴുവൻ കമ്മ്യൂട്ടഡ് ലീവിൽ ചികിത്സ തുടരേണ്ടി വന്നതായും അറിയിച്ചു. മേൽപ്പറഞ്ഞ കാലയളവിൽ റവന്യൂ ഇൻസ്പെക്ടറായി സ്ഥാനക്കയറ്റം ലഭിച്ച് നീലേശ്വരം മുനിസിപ്പാലിറ്റിയിൽ നിയമിച്ചതനുസരിച്ച് പ്രസ്തുത മുനിസിപ്പാലിറ്റിയിൽ ജോയിൻ ചെയ്ത ശേഷം അവധിയിൽ പ്രവേശിച്ചിരുന്നതായും 2016 ഒക്ടോബർ മാസം മുതൽ മെറ്റേർണിറ്റി ലീവ് എടുത്തിട്ടുള്ളതായും അറിയിച്ചു. 2017 ഫെബ്രുവരിയിൽ സിസേറിയൻ വഴി ഇരട്ടക്കുട്ടികൾ ജനിക്കുകയും, കുഞ്ഞുങ്ങളുടെ ആരോഗ്യസ്ഥിതി പരിഗണിച്ച് കൂടുതൽ കാലം ആശുപത്രിയിൽ തുടരേണ്ടി വന്നതായും മേജർ ശസ്ത്രക്രിയയ്ക്ക് ശേഷം ഓഫീസിൽ ഹാജരാകുന്നത് പ്രായോഗികമല്ലാത്തതിനാലും കുഞ്ഞുങ്ങളുടെ ശരിയായ പരിചരണത്തിനും സ്വയം പരിചരണത്തിനുമായി മാതൃബന്ധുക്കൾക്കൊപ്പം കോഴിക്കോട് പേരാമ്പ്രയിൽ താമസിച്ചിരുന്നതിനാലും 2017 ഒക്ടോബർ വരെ തനിക്ക് വീണ്ടും അവധി എടുക്കേണ്ടി വന്നതായും ഒക്ടോബർ മാസത്തിൽ കണ്ണൂർ മുനിസിപ്പാലിറ്റിയിലേക്ക് സ്ഥലം മാറ്റം ലഭിക്കുകയും പ്രസ്തുത ഓഫീസിൽ സേവനത്തിൽ പ്രവേശിച്ചതായും അറിയിക്കുകയുണ്ടായി. ആയതിനാൽ താൻ അവധി അപേക്ഷയോടൊപ്പം ഹാജരാക്കിയിരുന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകളും നിലവിൽ ലഭ്യമാക്കിയ അനുബന്ധ രേഖകളും പരിഗണിച്ച് 20.02.2021 ലെ അവധി അനുവദിച്ച ഉത്തരവ് പുനഃപരിശോധിച്ച് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് അപേക്ഷിച്ചിരുന്നു.

5. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസവകാല അവധിയ്ക്കു ശേഷമാണ് ടിയാൾ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടുള്ളത് എന്നും പ്രസവത്തെ തുടർന്നുള്ള വൈദ്യചികിത്സയ്ക്കു ശേഷം കൂടുതൽ വിശ്രമവും ആവശ്യമായി വന്നതിനെത്തുടർന്നാണ് ടിയാൾ അവധിയിൽ

തുടർന്നിട്ടുള്ളത് എന്നും കാണുന്നു. ടിയാൾ കൃത്യസമയത്ത് അവധി അപേക്ഷ ബന്ധപ്പെട്ട ഓഫീസുമുഖാന്തിരം സമർപ്പിച്ചിട്ടുള്ളതുമാണ് എന്നാൽ ആയത് അനുവദിക്കുന്നതിനായി സർക്കാരിൽ ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടിരുന്നതായി കാണുന്നു.

6. മേൽ സാഹചര്യത്തിൽ തളിപ്പറമ്പ് നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ലേഖ പി, യുടെ അനക്ഷർ എ 7 അപേക്ഷ പരിഗണിച്ച്, പരാമർശം 1 ഉത്തരവ് പുനഃപരിശോധിച്ച് പ്രസ്തുത ഉത്തരവ് പ്രകാരം 31.05.2017 മുതൽ 23.10.2017 വരെ, കെ.എസ്.ആർ. ഭാഗം 1 ചട്ടം 88 പ്രകാരം അനുവദിച്ചിരുന്ന ശൂന്യവേതനാവധി, പ്രസ്തുത കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം 1 ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധി അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

7. മേൽ പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.(ഇകെഎം)1087/2024 നമ്പർ കേസിലെ 23.06.2025 തീയതിയിലെ ഉത്തരവ് നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം
ശ്രീമതി ലേഖ പി, സൂപ്രണ്ട്, തളിപ്പറമ്പ് നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
സെക്രട്ടറി, നീലേശ്വരം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 24-11-2025 11:40:01
സെക്ഷൻ ഓഫീസർ